**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **08.12.2014 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 1894**

## സ്വാതന്ത്ര്യ സമര പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.ബേബി | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുന്നതിനായി സ്വാതന്ത്ര്യ സമര സേനാനികൾ സർക്കാർ ഓഫീസുകളും, കോടതികളും കയറിയിറങ്ങുന്നത് ഗൗരവമായി പരിഗണിക്കുമോ ; | (എ) സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുന്നതിന് മതിയായ തെളിവു രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകരുടെ അപേക്ഷയിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരുന്നു. സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ അനുവദിക്കുന്നതിന് അന്തിമതീരുമാനം കൈക്കൊള്ളുന്നത് കേന്ദ്രസർക്കാർ ആണ്. |
| (ബി) ആലപ്പുഴ ജില്ലയിൽ, ചേർത്തല താലൂക്കിൽ, വടക്കുമുറിപത്തി, പുതുശ്ശേരിയിൽ കുട്ടന്റെ മകനും സ്വാതന്ത്ര്യ സമരസേനാനിയുമായ ശ്രീ.പി.കെ.ദാസൻ കേന്ദ്ര പെൻഷനു വേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്; വിശദാംശം ലഭ്യമാക്കുമോ ; | (ബി) സ്വാതന്ത്ര്യ സമരസേനാനി കേന്ദ്ര പെൻഷൻ അനുവദിക്കുന്നതിന് ശ്രീ.പി.കെ.ദാസൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ നിയമാവലി അനുസരിച്ചുള്ള തെളിവു രേഖകൾ ഉൾക്കൊള്ളിച്ചിട്ടില്ലായിരുന്നു. ആയതിന് നിരവധി തവണ അപേക്ഷകനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടും നാളിതുവരെ ടിയാൻ തെളിവുരേഖകൾ ഹാജരാക്കിയിട്ടില്ല. എന്നാൽ സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ ലഭിക്കുന്നതിനുവേണ്ടി ശ്രീ.ദാസൻ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 4643/2008 ന്റെ 09/12/2008 -ലെ വിധിന്യായം നടപ്പാക്കുന്നതിന്റെ ഭാഗമായി ടിയാന്റെ അപേക്ഷ കേന്ദ്രഗവൺമെന്റിലേയ്ക്ക് അനന്തര നടപടികൾക്കായി അയച്ചുകൊടുക്കുകയും, ആയതിന്മേൽ 23.5.2014-ൽ കേന്ദ്രഗവൺമെന്റ് തെളിവുരേഖകളുടെ അഭാവത്തിൽ നിരസിത ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയത് അപേക്ഷകന്റെ മേൽവിലാസത്തിൽ അയച്ചുകൊടുത്തിട്ടുള്ളതും എന്നാൽ കൈപ്പറ്റിയിട്ടില്ലാത്തതുമാകുന്നു. |

(സി) ശ്രീ.പി.കെ.ദാസന് കേന്ദ്ര പെൻഷൻ അനുവദിക്കാൻ യോഗ്യനാണെന്ന ബഹു.കോടതിയുടെ വിധി (WP(C) No.31232 of 2007-R) പരിശോധി ച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ചോദ്യത്തിൽ ഉന്നയിച്ചിട്ടുള്ള വിധി ന്യായം കേരളാ പെൻഷൻ സംബന്ധിച്ചുള്ളതാണ്. ഈ വിധിന്യായം നടപ്പാക്കിയിട്ടുണ്ട്. കേരളാ സ്വാതന്ത്ര്യ സമരസേനാനി പെൻഷൻ നിലവിൽ ശ്രീ.പി.കെ.ദാസന് ലഭിച്ചുവരുന്നു.

(ഡി) കോടതിയുടെ അനുകൂല വിധി യുണ്ടായിട്ടും ശ്രീ.പി.കെ.ദാസന് കേന്ദ്രപെൻഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തത് ഗുരുതര മായ വീഴ്ചയായി കണ്ട് അടിയന്തിര നടപടി കൈക്കൊള്ളുവാൻ നിർദ്ദേശം നൽകുമോ ;

(ഡി) സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ ലഭിക്കുന്നതിനുവേണ്ടി ശ്രീ.പി.കെ.ദാസൻ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 4643/2008 ന്റെ വിധിന്യായം അനുസരിച്ച് അദ്ദേഹം സമർപ്പിച്ച അപേക്ഷയിന്മേലുള്ള അപാകതകൾ പരിഹരിക്കാൻ ആവശ്യപ്പെട്ടെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിൽ അപാകതകൾ പരിഹരിക്കാൻ സാധിച്ചില്ല. ആയതിനാൽ കോടതി വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ടിയാന്റെ അപേക്ഷ കേന്ദ്രഗവൺ മെന്റിലേക്ക് അനന്തര നടപടികൾ ക്കായി അയച്ചുകൊടുക്കുകയും, ആയതിന്മേൽ 23.5.2014-ൽ കേന്ദ്ര ഗവൺമെന്റ് തെളിവുരേഖകളുടെ അഭാവത്തിൽ നിരസിത ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ടിയാളുടെ മേൽവിലാസത്തിൽ അയച്ചുകൊടുത്തെങ്കിലും കൈപ്പറ്റിയിട്ടില്ല.

(ഇ) കെട്ടിക്കിടക്കുന്ന ഇത്തരം അപേക്ഷ കളും, അപ്പീലുകളും സമയബന്ധിത മായി തീർപ്പുകൽപ്പിച്ച് സ്വാതന്ത്ര്യ സമര സേനാനികളോട് കൂറുപുലർ ത്തുവാൻ തയ്യാറാകുമോ ?

(ഇ) സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിത മായി നടപടി സ്വീകരിക്കുന്നുണ്ട്. കേന്ദ്ര സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ അപേക്ഷകളിന്മേൽ അന്തിമതീരുമാനം സ്വീകരിക്കുന്നത് കേന്ദ്ര സർക്കാരാണ്.

Geethakumari.

സെക്ഷൻ ഓഫീസർ